LBRD-C2/128/2022-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ചാക്ക ഐ ടി ഐ യിലെ virtual class റൂമിലേക്ക് യൂ ടേബിൾ സംഭരിക്കുന്നതിനായി ആറ്റിങ്ങൽ ഐ ടി ഐ യിലെ പ്രൊഡക്ഷൻ സെന്ററിന് 22,656/- രൂപക്ക് വർക്ക് ഓർഡർ നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.220/2026/LBR തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 06/08/2022, 29/08/2025 തീയതികളിലെ ഇ1/1087/2021 നമ്പർ കത്തുകൾ

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ചാക്ക ഐ ടി ഐ യിലെ virtual class റൂമിലേക്ക് യൂ ടേബിൾ സംഭരിക്കുന്നതിനായി ആറ്റിങ്ങൽ ഐ ടി ഐ യിലെ പ്രൊഡക്ഷൻ സെന്ററിന് 22,656/- രൂപക്ക് വർക്ക് ഓർഡർ നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആറ്റിങ്ങൽ ഐ ടി ഐ ലെ പ്രൊഡക്ഷൻ സെന്റർ വഴി ടി ഫർണിച്ചർ നിർമ്മിക്കുമ്പോൾ ഐ ടി ഐ ലെ ട്രെയിനികൾക്ക് പ്രായോഗിക പരിശീലനത്തിന് ഉപരിയായി അവരുടെ സ്കിൽ വർധിപ്പിക്കുന്നതിനുള്ള അവസരം കൂടി ലഭ്യമാകും എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് ഐ ടി ഐ ലെ പ്രൊഡക്ഷൻ സെന്റർ വഴി സംഭരിച്ചത് എന്നും, കൂടാതെ, സർക്കാർ അംഗികൃത സ്ഥാപനങ്ങളിൽ നിന്ന് ടി ഫർണിച്ചർ സംഭരിക്കുന്നതിനേക്കാൾ കുറവ് തുക മാത്രമേ ആകു എന്നതിനാലുമാണ് ഇങ്ങനെ സംഭരിച്ചതെന്നുമുള്ള ട്രെയിനിംഗ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ചാക്ക ഐ ടി ഐ യിലെ virtual class റൂമിലേക്ക് യൂ ടേബിൾ സംഭരിക്കുന്നതിന് ആറ്റിങ്ങൽ ഐ ടി ഐ യിലെ പ്രൊഡക്ഷൻ സെന്ററിന് 22,656/- (ഇരുപത്തി രണ്ടായിരത്തി അറുന്നൂറ്റി അൻപത്തിയാറ് രൂപ മാത്രം) രൂപക്ക് വർക്ക് ഓർഡർ നൽകിയ ട്രെയിനിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

gned by
sha Rani L
ate: 18-02-2026 13:16:08